"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ചെതലയം റെയിഞ്ച്, സൗത്ത് വയനാട് ഡിവിഷൻ-07.10.1998-ന് നടന്ന തേക്ക് കഴകളുടെ പുനർലേലം- സർക്കാരിനുണ്ടായ ലേലനഷ്ടം- എഴുതിത്തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.132/2022/F&WLD തീയതി,തിരുവനന്തപുരം, 26-03-2022

പരാമർശം:-

1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്), കോഴിക്കോട് -ന്റെ 18/8/2016-ലെ എഫ്-1882/2000 നമ്പർ കത്ത്
2. സ.ഉ (അ) നം.102/2017/ ധന തീയ്യതി 07/08/2017.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), കോഴിക്കോട്-ന്റെ 18.09.2021 ലെ ബി2-567/2020 നമ്പർ കത്ത്.

**ഉത്തരവ്**

സൗത്ത് വയനാട് ഡിവിഷനിലെ ചെതലയം റെയിഞ്ചിൽ 28.05.1997- ന് നടന്ന തേക്ക് കഴകളുടെ ലേലത്തിൽ ശ്രീ.കെ.എം. വീരാൻകുട്ടി (ഗൗസിയ വുഡ് ഇൻഡസ്ട്രീസ്, കൊളപ്പള്ളി, ഷൊർണ്ണൂർ) 2,40,680/- രൂപയ്ക്ക് ലേലം കൊള്ളുകയും എന്നാൽ തുക കാലാവധിയ്ക്കുള്ളിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പുനർലേലത്തിൽ 1,43,479/- രൂപയുടെ നഷ്ടം സംഭവിക്കുകയും, കുടിശ്ശികകക്ഷിക്കാരനായ ശ്രീ.കെ.എം. വീരാൻകുട്ടിയിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുന്നതിന് നോട്ടീസ് നൽകിയതിനെത്തുടർന്ന് ടിയാൻ ഒ.പി.25509/01 നമ്പർ കേസ്സ് ഫയൽ ചെയ്യുകയും, തുടർന്ന് പരാതിക്കാരൻ 20,000/- രൂപ ഒരു മാസത്തിനകം ഒടുക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 23.08.2001-ന് ബഹു കോടതി ഉത്തരവാകുകയും, 22.09.2001-ൽ 20,000/- രൂപ ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നഷ്ടം 1,23,479/- രൂപയാക്കി സ്ഥിരപ്പെടുത്തിയതായും,22.09.2007 ൽ ടിയാൻ മരണപ്പെട്ടതായും 18 വർഷം പിന്നിട്ട ഈ കേസിൽ പരേതനിൽ നിന്നും കൈമാറിക്കിട്ടിയ സ്വത്തുക്കൾ വല്ലതും ഉണ്ടെങ്കിൽ തന്നെ അനന്തരാവകാശികൾ പലതാകയാൽ ആയത് മൂലമുണ്ടായേക്കാവുന്ന

നിയമനടപടി കുരുക്കിൽപ്പെട്ട് ഈ കേസ്സിൽ അന്തിമ തീരുമാനം അസാദ്ധ്യമാണെന്നതിനാൽ കെ:എം.വീരാൻകുട്ടി എന്നയാളുടെ പേരിലുള്ള സർക്കാർ നഷ്ടമായ 1,23,479/- രൂപ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്), കോഴിക്കോട് പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശത്തിലെ കത്തുകൾ പ്രകാരം സർക്കാരിന് ലഭിച്ച ശിപാർശകൾ പരിഗണിച്ചും, പരാമർശത്തിലെ ഉത്തരവിന് വിധേയമായും, Article 300-303 and Article 161 of Kerala Financial Code Vol.I-ലെ നിബന്ധനകൾ പാലിച്ചു കൊണ്ടും സൗത്ത് വയനാട് ഡിവിഷനിലെ ചെതലയം റെയിഞ്ചിൽ 07.10.1998-ന് നടന്ന തേക്ക് കഴകളുടെ പുനർലേലത്തിൽ കുടിശ്ശികക്കാരനായ പരേതനായ കെ.എം.വീരാൻകുട്ടിയിൽ നിന്നും ഈടാക്കാൻ കഴിയാത്ത സർക്കാർ നഷ്ടമായ 1,23,479/- രൂപ(ഒരു ലക്ഷത്തി ഇരുപത്തിമൂന്നായിരത്തി നാനൂറ്റി എഴുപത്തിഒൻപത് രൂപ മാത്രം) എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), അരക്കിണർ.P.O, മാത്തോട്ടം, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( ധന (അഗ്രി-സി) വകുപ്പിന്റെ 30/12/2021-ലെ അഗ്രി-സി2/109/2021-ഫിൻ പ്രകാരം).
ഇൻ ഫർ മേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Ravindran C**
**Date: 26-03-2022 17:56:32**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.